**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 252** — **03-08-2021 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം നെൽകൃഷി വിസ്തൃതിയിലും ഉല്പാദനത്തിലും ആശങ്കാജനകമാം വിധം പുറകോട്ട് പോകുന്നത് പരിഹരിക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ ഇടപെടലിന്റെ ഫലം വിലയിരുത്തിയിരുന്നോ; | (എ) | നെൽകൃഷി വിസ്തൃതിയിലും ഉല്പാദനത്തിലും ആശങ്കാജനകമാം വിധം പുറകോട്ട് പോകുന്നത് പരിഹരിക്കാൻ 2016-17 മുതൽ 2020-21വരെയുള്ള കഴിഞ്ഞ സർക്കാർ കാലയളവിൽ നടത്തിയ ഇടപെടലുകളിൽ നേട്ടം കൈവരിച്ചിട്ടുള്ളതായി കണക്കാക്കി യിട്ടുണ്ട്. നെൽകൃഷി വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 2018-19 വർഷത്തിൽ 2,02,907 ഹെക്ടർ വരെ വർദ്ധിപ്പിക്കാൻ സാധിച്ചു. നെല്ല് ഉത്പാദനം 549275 ടണ്ണിൽ നിന്നും 661000ടൺ വരെ ഉയർത്തുവാൻ സാധിച്ചു. 2015-16 വർഷത്തിൽ നെല്ലിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 2790 കിലോ ആയിരുന്നത് 2018-19 വർഷത്തിൽ ഹെക്ടറിന് 3528 കിലോ വരെ ഉയർത്തുവാൻ സാധിച്ചു. നെൽകൃഷി വിസ്തൃതിയിലും ഉത്പാദന ത്തിലും വർദ്ധനവ് വരുത്തുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ ഇടപെടലുകളും പദ്ധതി നടപ്പിലാക്കിയതിന്റെ വിശദവിവരങ്ങളും നെൽകൃഷി വിസ്തൃതിയുടെ ഉല്പാദനത്തിൽ ഉണ്ടായ നേട്ടങ്ങളും അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | തരിശിട്ടിരുന്ന കൃഷിയോഗ്യമായ ഭൂമിയിൽ കൃഷിയിറക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) | കേരളത്തിന്റെ ആകെ വിള വിസ്തീർണ്ണം 25.89 ലക്ഷം ഹെക്ടറാണ്. ഇതിൽ 85% ദീർഘകാല വിളകളാണ്. 15% മാത്രമാണ് ഭക്ഷ്യവിളകൾക്കായി ഉപയോഗിക്കുന്നത്. കേരളത്തിൽ 1.04318 ലക്ഷം ഹെക്ടർ സ്ഥലം തരിശു പ്രദേശമായി നിലകൊള്ളുന്നു. ഇതിൽ 57,387 ഹെക്ടർ സ്ഥലം നിലവിലെ തരിശുനിലമാണ് (current fallow). കോവിഡ്-19 പ്രതിസന്ധി ഉയർത്തുന്ന ഭക്ഷ്യസുരക്ഷയുടെ വെല്ലുവിളികളെ നേരിടാൻ |

| | | | |
|---|---|---|---|
| | | | ഭക്ഷ്യവിളകളുടെ ഉൽപാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് നടത്തിയ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | നെൽകൃഷി ലാഭകരമാക്കുന്ന തരത്തിൽ വില മെച്ചപ്പെടുത്തുന്നതിനും നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനും നടപടിയെടുത്തിരുന്നോയെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ള വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതിയിൽ സംസ്ഥാന സർക്കാർ ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് നൽകുവാൻ താൽപ്പര്യമുള്ള കർഷകരിൽ നിന്ന് സപ്ലൈകോ എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരിക്കുന്നുണ്ട്. നിലവിൽ സംഭരണം അവസാനിച്ച 2020-21 സീസണിൽ 27.48 രൂപ / കി.ഗ്രാം നിരക്കിലാണ് കർഷകർക്ക് സംഭരണ വില നൽകിയത്. 2021 സെപ്റ്റംബർ മാസം തുടങ്ങുന്ന അടുത്ത സീസൺ മുതൽ സംഭരിക്കുന്ന നെല്ലിന് സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി ഇനത്തിൽ കി.ഗ്രാമിന് 52 പൈസ കൂടി വർധിപ്പിച്ച് സംഭരണവില കിലോയ്ക്ക് ആകെ 28 രൂപ ആക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

## തരിശിട്ടിരുന്ന കൃഷിയോഗ്യമായ ഭൂമിയിൽ കൃഷിയിറക്കുന്നതിന് കൃഷി വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

**1. കൃഷിക്കനുയോജ്യമായ തരിശു നിലത്തിന്റെ വിസ്തൃതി തിട്ടപ്പെടുത്തൽ**

കേരളത്തിൽ 41,626 ഹെക്ടർ തരിശുഭൂമി കൃഷിക്ക് അനുയോജ്യമാണെന്ന് കണക്കാക്കപ്പെടുന്നു. ഓരോ കൃഷി ഭവന്റെ പരിധിയിലുള്ള തരിശുഭൂമി കണ്ടെത്തുകയും ആയതു ക്രോഡീകരിച്ച് കൃഷിക്ക് അനുയോജ്യമായ സ്ഥലം തിട്ടപ്പെടുത്തുകയും ചെയ്തു.

**2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജനവും മറ്റ് സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കി**

കൃഷിഭവനുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം പദ്ധതി നിർവ്വഹണം വിജയപ്രദമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, സി.റ്റി.സി.ആർ.ഐ., കുടുംബശ്രീ തുടങ്ങിയ വിവിധ സംസ്ഥാന / കേന്ദ്ര സ്ഥാപനങ്ങളുമായുള്ള കൃത്യമായ ഏകോപനവും ഉറപ്പാക്കി.

**3. തരിശുനില കൃഷിയിലെ പങ്കാളിത്തത്തിനായുള്ള ക്യാമ്പയിൻ പരിപാടി**

തരിശുനില കൃഷിക്ക് കൂടുതൽ ജനങ്ങളെ പങ്കെടുപ്പിക്കുന്നതിനായി വിവിധ മാധ്യമങ്ങളുടെ സഹായത്തോടെ ക്യാമ്പെയിനുകൾ സംഘടിപ്പിച്ചു.

**4. വിളകൾ തെരഞ്ഞെടുക്കൽ**

പ്രാദേശിക ആവശ്യവും വിപണന സാധ്യതയും പരിഗണിച്ച് വിവിധ വിളകളായ നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ (പ്രധാനമായി വാഴപ്പഴം), പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ (Millets) എന്നിവ കരഭൂമിയിലെ ഇടവിള കൃഷിക്കായി തെരഞ്ഞെടുത്തു.

**5. കർഷകരുടേയും വിവിധ ഏജൻസികളുടേയും തെരഞ്ഞെടുക്കൽ**

യുവജനങ്ങൾ, വിദേശത്ത് നിന്നും തിരിച്ചെത്തിയ പ്രവാസികൾ എന്നിവരിൽ നിന്നും കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുവാൻ താൽപ്പര്യ മുള്ളവരെ ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനായി ധന സഹായത്തുകയുടെ തോത് ഗണ്യമായി വർദ്ധിപ്പിച്ചു കൊണ്ട് സർക്കാർ ഉത്തരവിറക്കി.

**6. സംഘാടനവും പദ്ധതിക്കുള്ള സഹായവും**

കൃഷിഭവനിലെ കൃഷി ഓഫീസർ/കൃഷി ഫീൽഡ് ഓഫീസർമാർ എന്നിവരുടെ ചുമതലയിലാണ് പദ്ധതി സംഘാടനവും നിർവ്വഹണവും നടത്തിയത്. തരിശുഭൂമി കൃഷിക്ക് ഫാം പ്ലാൻ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റി/കോർപറേഷന്റെ അംഗീകാരത്തോടെ നിശ്ചിത സമയപരിധിയിൽ വിജയകരമായി പൂർത്തീകരിച്ചു. ബ്ലോക്ക്‌തലത്തിലും ജില്ലാതലത്തിലും യഥാക്രമം കൃഷി അസിസ്റ്റന്റ് ഡയറക്ടറും, പ്രിൻസിപ്പൽ കൃഷി ഓഫീസറും പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിച്ചു.

**7. സാങ്കേതിക സഹായംകൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു**

എല്ലാ കൃഷിഭവനുകൾ മുഖേനയും കൃഷി പാഠശാല ആരംഭിക്കുകയും, കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രം എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ശാസ്ത്രജ്ഞരും ഇതിനാവശ്യമായ സാങ്കേതിക ഉപദേശം യഥാസമയം കർഷകർക്ക് നൽകുകയും ചെയ്തു.

**8. വിത്തുകൾ മറ്റ് ഉത്‌പാദനോപാധികളുടെ ലഭ്യത ഉറപ്പ് വരുത്തൽ**

തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും ഉത്‌പാദനോപാധികളായ വിത്ത്, വളം, മുതലായവയുടെ ലഭ്യതയും ഉറപ്പാക്കി. അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയിലൂടെയുള്ള സേവനങ്ങൾ കൃഷി പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തി. കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, സി.റ്റി.സി.ആർ.ഐ., വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും, കർഷകർ തമ്മിലുള്ള കൈമാറ്റത്തിലൂടെയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കി.

**9.പ്രോജക്ടിന്റെ ഭാഗമായുള്ള ധനസഹായം**

പദ്ധതി നിർവ്വഹണം വിജയകരമായി പൂർത്തിയാക്കിയ കർഷകർക്ക് ധനസഹായം ലഭ്യമാക്കി.

**10. വായ്പ ലഭ്യമാക്കൽ** തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് ആദ്യവർഷം വമ്പിച്ച ചെലവ് വരുന്നതിനാൽ കൃഷി ചെലവ് താരതമ്യേന കൂടുതലാണ്. ഇതിനായി പ്രാഥമിക കാർഷിക സഹകരണ ബാങ്ക് / സംഘങ്ങൾ, നാഷണലൈസ്ഡ് ബാങ്കുകൾ, മുഖേന കുറഞ്ഞ പലിശ നിരക്കിൽ (കിസ്സാൻ ക്രെഡിറ്റ് കാർഡ് KCC ) വായ്പ്പ സൌകര്യവും ലഭ്യമാക്കി.

**11. വിളനാശത്തിന്റെ റിസ്ക് പരിമിതപ്പെടുത്തൽ**

പ്രകൃതിക്ഷോഭം കീടരോഗ ബാധകൾ എന്നിവമൂലം വിളനാശം സംഭവിക്കുവാൻ സാധ്യതയുള്ളതിനാൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, പ്രധാൻ മന്ത്രി ഫസൽ ഭീമാ യോജന (PMFBY) എന്നീ പദ്ധതികളുടെ മാനദണ്ഡങ്ങളനുസരിച്ച് വിള ഇൻഷ്വർ ചെയ്യുന്നതിന് കർഷകരെ ബോധവൽക്കരണം നടത്തി വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കി.

**സുഭിക്ഷകേരളം പദ്ധതിയിലെ തരിശ് കൃഷിയിലൂടെ ലക്ഷ്യമിട്ടിരുന്ന 25,500 ഹെക്ടറിൽ 22,847 ഹെക്ടർ കൃഷിയിറക്കുവാൻ സാധിച്ചു.**

| | | |
|---|---|---|
| 1.നെല്ല് | - | 9070 ഹെക്ടർ |
| 2.പച്ചക്കറി | - | 4527 ഹെക്ടർ |
| 3.പഴവർഗ്ഗങ്ങൾ | - | 3381 ഹെക്ടർ |
| 4.കിഴങ്ങുവർഗ്ഗവിളകൾ | - | 4907 ഹെക്ടർ |
| 5.പയറുവർഗ വിളകൾ | - | 637 ഹെക്ടർ |
| 6.ചെറു ധാന്യം (മില്ലറ്റ്സ് ) | - | 325 ഹെക്ടർ |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-1**

## നെൽകൃഷി വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾ

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി.

സംസ്ഥാനവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിക്കായി 2016-17 വർഷം മുതൽ 2020-21 വർഷം വരെയുള്ള കാലയളവിൽ 32858.55 ലക്ഷം രൂപയാണ് ചെലവഴിച്ചത്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു.

| **വർഷം** | **പദ്ധതി ചെലവ് (ലക്ഷം രൂപ )** |
|---|---|
| 2016-17 | 4331.615 |
| 2017-18 | 6394.48 |
| 2018-19 | 8206.803 |
| 2019-20 | 5342.85085 |
| 2020-21 | 8582.8 |
| **ആകെ** | **32858.54885** |

2016-17 വർഷം മുതൽ 2020-21 വർഷം വരെയുള്ള കാലയളവിൽ ചെലവഴിച്ച 32858.55 ലക്ഷം രൂപയിൽ 17402.48 ലക്ഷം രൂപ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിക്കും 1343.25 ലക്ഷം രൂപ കരനെൽകൃഷിക്കുള്ള ആനുകൂല്യമായും 330.78 ലക്ഷം രൂപ പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കായും 4495.27 ലക്ഷം രൂപ തരിശു നെൽകൃഷിക്കായും, 503.84163 ലക്ഷം രൂപ ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യുന്നതിനുമാണ് ചെലവഴിച്ചത്. 1600.71 ലക്ഷം രൂപ പാടശേഖര സമിതികളുടെ പ്രവർത്തന ചെലവുകൾക്കായും 125.57 ലക്ഷം രൂപ സംസ്ഥാനത്തെ 10 നെൽകൃഷി വികസന ഏജൻസികൾക്കുള്ള സഹായമായും നൽകി. തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളുടെ വികസനത്തിനായി 319.53 ലക്ഷം രൂപ ഓപ്പറേഷൻ കോൾ ഡബിൾ എന്ന പ്രത്യേക പദ്ധതി പ്രകാരം ചെലവഴിച്ചു. കൂടാതെ രജിസ്റ്റേർഡ് വിത്തുത്പാദനത്തിനായി 207 ലക്ഷം രൂപ ചെലവഴിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ചേർത്ത് ആകെ 113.103 ലക്ഷം രൂപ കഴിഞ്ഞ അഞ്ചു വർഷത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ചു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 'Productivity Improvement of Paddy in Kerala' എന്ന ഘടകത്തിലൂടെ 9000 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ ഇതേ പദ്ധതിയിൽ 2020-21 വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 2374.474 ലക്ഷം രൂപ ചെലവഴിച്ച് 3038.92 ഹെക്ടർ തരിശ് സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കി.

നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഗ്രാമപഞ്ചായത്തുകൾക്കായി 5542.92 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 161.63 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 2.41 ലക്ഷം രൂപയും വിതരണം ചെയ്തു.

## പദ്ധതി നടപ്പിലാക്കിയതിന്റെ വിശദ വിവരങ്ങൾ

- സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5,500/- രൂപ നിരക്കിൽ വിതരണം ചെയ്തു.

- നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഒരു ഹെക്ടർ കരനെൽകൃഷി ചെയ്യുന്നതിന് 13,600/- രൂപയും, ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 10,000/- രൂപയും പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000/- രൂപയും സബ്സിഡിയായി നൽകി.

- ഒന്നാം വർഷ തരിശ് നെൽകൃഷിക്ക് 30,000/- രൂപയും (25,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമകൾക്കും) രണ്ടാം വർഷ തരിശ് നെൽകൃഷിക്ക് 7,000/- രൂപയും (5,800/- രൂപ കർഷകനും 1,200/- രൂപ ഭൂവുടമകൾക്കും) മൂന്നാം വർഷ തരിശ് നെൽകൃഷിക്ക് 4,500/- രൂപയും (3,750/- രൂപ കർഷകനും 750/- രൂപ ഭൂവുടമകൾക്കും) ആനുകൂല്യം നൽകി. 2020-21 വർഷത്തിൽ ഒന്നാം വർഷ തരിശു നെൽകൃഷിയുടെ ആനുകൂല്യം ഹെക്ടറിന് 30,000/- രൂപയിൽ നിന്ന് 40,000/- രൂപയായി വർദ്ധിപ്പിച്ചു (35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമകൾക്കും).

- പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ ക്രമത്തിൽ സഹായധനം നൽകി.

- സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിച്ചു.

- പാടശേഖരസമിതികളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് സഹായധനം നൽകി.

- നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി നടപ്പിലാക്കി.. അപ്രകാരം ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ചു നെൽവിത്ത് വർഷം തോറും കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്തു.

- മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് ഒരു ഹെക്ടറിന് 5,400/- രൂപ വരെ ആനുകൂല്യം നൽകി.

- 2020-21 വർഷത്തിൽ സംസ്ഥാനത്ത് ആദ്യമായിനെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000/- രൂപ നിരക്കിൽ റോയൽറ്റി നൽകുന്ന പദ്ധതി ആരംഭിച്ചു. പ്രസ്തുത വർഷം 762.41 ലക്ഷം രൂപ 80,036 നെൽ വയലുടമകൾക്കായി വിതരണം ചെയ്തു.

- നോൺ പ്ലാൻ (പദ്ധതിയേതരം) പദ്ധതിയിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1,000/- രൂപ നൽകി.

- ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22,000/- രൂപയുടെ ആനുകൂല്യവും കർഷകർക്ക് ലഭിച്ചു.

- പ്രകൃതിക്ഷോഭം മൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകി. കൂടാതെ പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13,500/- രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15,000/- രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35,000/- രൂപ പ്രകാരവും ധനസഹായം അനുവദിച്ചു. ഈ പദ്ധതികളെല്ലാം 2021-22 വർഷത്തിലും തുടരുന്നുണ്ട്.

**<u>നെൽകൃഷി വിസ്തൃതിയിലും ഉത്പാദനത്തിലും ഉണ്ടായ നേട്ടങ്ങൾ</u>**

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ, 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ നെല്ലിന്റെ വിസ്തൃതി, ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **വിസ്തൃതി (ഹെക്ടർ)** | **ഉത്പാദനം (ടൺ )** | **ഉത്പാദനക്ഷമത (കിലോ/ഹെക്ടർ )** |
|---|---|---|---|
| 2015-16 | 196870 | 549275 | 2790 |
| 2016-17 | 171398 | 436483 | 2547 |
| 2017-18 | 194235 | 521310 | 2684 |
| 2018-19 | 202907 | 661000 | 3528 |
| 2019-20 | 198180 | 605541 | 3056 |
| 2020-21 | 200809* | 671739* | 3345* |

* 2020-21 കൃഷിയുടെ കണക്കുകൾ ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

നെൽകൃഷി വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 2018-19 വർഷത്തിൽ 2,02,907 ഹെക്ടർ വരെ വർദ്ധിപ്പിക്കാൻ സാധിച്ചു. ഉത്പാദനം 549275 ടണ്ണിൽ നിന്നും 661000 ടൺ വരെ ഉയർത്തുവാൻ സാധിച്ചു. 2015-16 വർഷത്തിൽ ഉത്പാദനക്ഷമത 2790 കിലോ/ഹെക്ടർ ആയിരുന്നത് 2018-19 വർഷത്തിൽ 3528 കിലോ/ഹെക്ടർ വരെ ഉയർത്തുവാൻ സാധിച്ചു.

2015-16 നെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ വിസ്തൃതിയിലും ആനുപാതികമായി ഉത്പാദനത്തിലും കുറവ് വന്നിരുന്നു. ആയതിന് കാരണം 2016-17 വർഷത്തിൽ രണ്ടാം വിള കാലത്ത് ഉണ്ടായ രൂക്ഷമായ വരൾച്ചയാണ്.

**സെക്ഷൻ ഓഫീസർ**